# അക്കാദമിക മാസ്റ്റർ പ്ലാൻ

# പലേരി എൽ.പി.സ്കൂൾ

## 2025-26

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | പലേരി എൽ.പി.സ്കൂൾ |
| വിലാസം | : | പലേരി,പി.ഒ.മാമ്പ |
| ഫോൺ | : | 04972851411 |
| സ്കൂൾ കോഡ് | : | 13175 |
| വിദ്യാഭ്യാസ ഉപജില്ല | : | കണ്ണൂർ സൗത്ത് |
| റവന്യൂ ജില്ല | : | കണ്ണൂർ |
| ബി.ആർ.സി. | : | കണ്ണൂർ സൗത്ത് |
| ഗ്രാമ പഞ്ചായത്ത് | : | അഞ്ചരക്കണ്ടി |
| ബ്ലോക്ക് പഞ്ചായത്ത് | : | തലശ്ശേരി |
| ജില്ലാ പഞ്ചായത്ത് | : | കണ്ണൂർ |
| നിയമസഭാമണ്ഡലം | : | ധർമ്മടം |
| ലോകസഭാമണ്ഡലം | : | കണ്ണൂർ |
| താലൂക്ക് | : | കണ്ണൂർ |
| വില്ലേജ് | : | അഞ്ചരക്കണ്ടി |
| ഇ-മെയിൽ | : | hmpalerilps@gmail.com |

# ഉള്ളടക്കം

1 ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയചരിത്രം

4.വിദ്യാലയം മികവിന്റെ കേന്ദ്രം -കാഴ്ചപ്പാട്

5. പദ്ധതി രൂപീകരണപ്രക്രിയ-വിവിധ ഘട്ടങ്ങൾ

6. നിലവിലെ അവസ്ഥാവിശകലനം

7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ -ഒറ്റനോട്ടത്തിൽ

8. പദ്ധതി വിശദാംശങ്ങൾ (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)

9. മോണിട്ടറിംഗ്

10. ഉപസംഹാരം

## ആമുഖം

അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിൽ ഒമ്പതാം വാർഡിൽ പലേരി പ്രദേശത്താണ് പലേരി എൽ.പി.സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഒന്നുമുതൽ നാലുവരെ വരെ ക്ലാസുകളും നാല് അധ്യാപകരുമാണിവിടെ ഉള്ളത്. മികച്ച അക്കാദമിക നിലവാരം പുലർത്തുന്ന പലേരി എൽ.പി.സ്കൂളിൽ എഴുപത് കുട്ടികൾ പഠിക്കുന്നു .സാംസ്ക്കാരിക നിലവാരത്തിൽ മുന്നിട്ടു നിൽക്കുന്ന പലേരി പ്രദേശത്ത് ് സാമ്പത്തികമായി ശരാശരിക്കാരോ അതിൽ താഴെയോ നിലവാരം പുലർത്തുന്നവരാണ് മിക്ക നാട്ടുകാരും. വിദ്യാലയത്തിന്റെ അക്കാദമിക- ഭൗതിക- സാമൂഹിക നിലവാരം ഉയർത്താനായി സമഗ്രവികസനം ലക്ഷ്യമാക്കി സമയബന്ധിതമായി, വൈവിധ്യമാർന്ന പ്രവർത്തന പദ്ധതികളാണ് അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

### ലക്ഷ്യങ്ങൾ

- വിദ്യാലയത്തിലെ എല്ലാവിദ്യാർത്ഥികൾക്കും ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും നേടിയിരിക്കേണ്ട മുഴുവൻ ശേഷികളും നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
- അതാതു ക്ലാസുകളിൽ കുട്ടികൾ ആർജിക്കേണ്ട ശേഷികൾ നേടുകയും കൂടെത്തന്നെ താത്പര്യമുള്ള മേഖലയിൽ അധികപഠനവും, വിശാലമായ വായനയും പൊതുവിജ്ഞാനം ആർജ്ജിക്കലും ആത്മവിശ്വാസത്തോടെയുള്ള ഇടപെടലും നടത്താൻ പ്രാപ്തരാക്കൽ.
- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.
- കുട്ടികളുടെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സഹായസഹകരണങ്ങളും, ഇടപെടലുകളും ഉറപ്പാക്കൽ, സമൂഹത്തെ വിദ്യാലയവുമായി ബന്ധിപ്പിക്കൽ.
- അധ്യാപകർക്കും വിദ്യാർത്ഥികൾക്കും സ്വയം വിലയിരുത്താനും മെച്ചപ്പെടാനും സാധിക്കൽ.
- വിദ്യാലയത്തിന്റെ അക്കാദമിക -ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക.
- ഭിന്നശേഷിക്കാരെ മുഖ്യധാരയിലെത്തിക്കുക

## വിദ്യാലയത്തിന്റെ ചരിത്രം

1896-ൽ കുടിപ്പള്ളിക്കൂടമായി പ്രവർത്തനമാരംഭിച്ച പലേരി എൽ.പി.സ്കൂൾ അക്കാലത്ത് പലേരി ബോയ്സ് സ്കൂൾ എന്ന പേരിലാണ് അറിയപ്പെട്ടത്. ആൺകുട്ടികൾക്ക് മാത്രമായിരുന്നു പ്രവേശനം. ശ്രീ. മാടിയത്ത് കുഞ്ഞിരാമൻ ഗുരിക്കൾ എന്ന വിദ്യാഭ്യാസ തത്പരനാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. ശ്രീ. ഒ.കെ. കുഞ്ഞിക്കോരൻ എന്ന പ്രധാനാധ്യാപകനും ശ്രീ. എം.അച്യുതൻ എന്ന സഹാധ്യാപകനുമാണ് വിദ്യാലയത്തിൽ അക്കാലത്ത് സേവനം ചെയ്തത്. 1905-ൽ ഒന്നു മുതൽ നാലുവരെ ക്ലാസുകൾക്ക് അംഗീകാരം ലഭിച്ചു. 1918ൽ അഞ്ചാം ക്ലാസിന് അംഗീകാരം ലഭിച്ചു.

1934-ൽ ആദ്യമായി പെൺകുട്ടികൾക്ക് പ്രവേശനം കൊടുത്തതോടെ വിദ്യാലയത്തിന്റെ പേര് പലേരി ലോവർ പ്രൈമറി സ്കൂൾ എന്നായി. 1958-ൽ പുതിയകെട്ടിടത്തിൽ സ്കൂൾ പ്രവർത്തനം തുടങ്ങുകയും 2001-ൽ മേൽക്കൂര ഓടാക്കി മാറ്റുകയും ചെയ്തു. 1962-ലെ ഗവൺമെന്റിന്റെ വിദ്യാഭ്യാസ പരിഷ്ക്കരണത്തിന്റെ ഭാഗമായി എൽ.പി.സ്കൂളിൽ നിന്നും അഞ്ചാം തരം നീക്കണമെന്നതിന്റെ ഉത്തരവുണ്ടായതു പ്രകാരം സ്കൂൾ ഒന്നു മുതൽ നാലു വരെയായി. 2013 മുതൽ പ്രീ-പ്രൈമറി ക്ലാസ് ആരംഭിച്ചു. ഇപ്പോൾ ഒന്നു മുതൽ നാലുവരെ ക്ലാസുകളിലായി എഴുപത് കുട്ടികൾ പഠിക്കുന്നുണ്ട്.

പ്രഗൽഭരായ ഒട്ടേറെ വിദ്യാർത്ഥികൾക്ക് അറിവ് പകർന്ന പലേരി എൽ.പി.സ്കൂളിന്റെ പൂർവ്വ വിദ്യാർത്ഥികൾ ലോകത്തിന്റെ നാനാഭാഗങ്ങളിൽ ഉയർന്ന പദവികൾ വഹിച്ചിട്ടുണ്ട്. ഹൈക്കോടതി മുൻ ജസ്റ്റിസ് ഭാസ്ക്കരൻ തുടങ്ങി ഒട്ടനവധി ഡോക്ടർമാർ, എഞ്ചിനീയർമാർ, അധ്യാപകർ തുടങ്ങി ഉന്നത പദവികൾ വഹിച്ചവരും വഹിക്കുന്നവരുമായി ധാരാളമാളുകളുണ്ട്. ബിരുദ ബിരുദാനന്തര പരീക്ഷകളിൽ നിരവധി റാങ്ക് ഹോൾഡർമാരുണ്ട്.

പാഠ്യ പാഠ്യേതരരംഗത്ത് സ്തുത്യർഹമായ വിജയം കൈവരിക്കുന്ന ഈ വിദ്യാലയത്തിൽ തുടർച്ചയായ എൽ.എസ്.എസ്.വിജയം ലഭിക്കാറുണ്ട്. മുൻ വർഷങ്ങളിൽ ലഭിച്ചതു കൂടാതെ 1995-ൽ സനൂജ്.കെ. , 2001-ൽ ശിൽപ.ടി., വർഷ.കെ, വിദ്യ.കെ., 2003-ൽ സരീഷ്.കെ.എം, നിത്യ നാരായണൻ, ജസ്രിയ.കെ.കെ, മിഥുൻ.കെ.വി, 2002ൽ വിവേക്.കെ, 2004 ൽ ജിതിൻ.സി.കെ., അജിത്ത്.ഡി, 2005-ൽ അഞ്ജു.പി., 2006-ൽ അനുശ്രീ പ്രദീപ്, 2008-ൽ അർഷ ഇ., 2010-ൽ അശ്വന്ത് ഒ.കെ, അഭിജിത്ത് പി. 2013ൽ രോഹിത്ത് കെ, ആര്യ പി, 2014-ൽ ദേവിക രാജ്, ഉണ്ണിമായ കെ, 2017-ൽ മാളവിക എം, എന്നിവർ എൽ.എസ്.എസ്.ജേതാക്കളിൽ ഉൾപ്പെടുന്നു. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ സാമൂഹിക ശാസ്ത്രമേള എൽ.പി. വിഭാഗത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് വിദ്യാലയത്തിന് ലഭിച്ചിട്ടുണ്ട്. സബ് ജില്ലാ തല ജില്ലാതല ക്വിസ് മത്സരങ്ങൾ -മേളകൾ എന്നിവയിൽ ഒന്നാം സ്ഥാനങ്ങളും മറ്റു മികച്ച സ്ഥാനങ്ങളും കരസ്ഥമാക്കിയിട്ടുണ്ട്. യുറീക്കാ വിജ്ഞാനോത്സവങ്ങളിൽ എല്ലാ വർഷവും പലേരി എൽ.പി.സ്കൂൾ വിദ്യാർത്ഥികൾ വിജയം നേടാറുണ്ട്. സ്കൂൾ മാനേജർ ശ്രീ. കെ. ജയരാജനും പവർ ഓഫ് അറ്റോർണി ഹോൾഡർ അഡ്വ. കെ.ബാബുരാജനുമാണ്. പി.ടി.എ പ്രസിഡന്റ് -ശ്രീ.പി.ജയേഷ്, പി.ടി.എ വൈസ് പ്രസിഡന്റ് - ശ്രീ കെ.പി.അനിൽ കുമാർ മദർ പി.ടി.എ പ്രസിഡന്റ് -ശ്രീമതി പ്രജിത എം. മദർ പി.ടി.എ വൈസ് പ്രസിഡന്റ് - ശ്രീമതി ഷീമ.കെ യുമാണ്.

## ഭൗതികം

ഓഫീസ് മുറി, അഞ്ച് ക്ലാസ്മുറികൾ ഉൾക്കൊള്ളുന്ന വേർതിരിച്ചിട്ടുള്ള ഹാൾ , പുതിയതായി പണികഴിപ്പിച്ച പാചകപ്പുര, കിണർ, ടോയ്ലറ്റ്, യൂറിനൽ, സ്റ്റോർമുറി, എന്നിവ സ്കൂളിന് നിലവിലുണ്ട്. എല്ലാ ക്ലാസുകളിലും ബെഞ്ചുകൾ, ഡെസ്കുകൾ, ചെറുകസേരകൾ, ഫാൻ സൗകര്യം, കുടിവെള്ള സംവിധാനം എന്നിവയുണ്ട്. റാംപ് ആന്റ് റെയിൽഉണ്ട്.

വിദ്യാലയത്തിന്റെ കെട്ടിടസൗകര്യങ്ങൾ അൽപം കൂടി മെച്ചപ്പെടേണ്ടതുണ്ട്. റോഡ് സൗകര്യമില്ല. ഭോജനശാലയുണ്ടെങ്കിൽ‌ൽ കൂടുതൽ സൗകര്യപ്രദമായിരിക്കും .വിദ്യാലയത്തിന് 12/സെന്റ് സ്ഥമാണുള്ളത്. അടുത്ത സ്ഥലം അൽപം വാങ്ങാൻസാധിക്കുകയാണെങ്കിൽ കൂടുൽ വികസനം സാധ്യമാക്കാൻ കഴിയും.

കഴിഞ്ഞ വർഷങ്ങളിലെ വിദ്യാലയത്തിലെ ആറാം പ്രവൃത്തിദിന സ്ട്രെങ്ങ്ത്ത് 2013-ൽ 48, 2014-ൽ 51, 2015-ൽ 57, 2016-ൽ 60, 2017 ൽ -69 എന്നിങ്ങനെയാണ്.

## വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്

- പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സഹായകമാകത്തക്കരീതിയിൽ വിദ്യാലയ അന്തരീക്ഷമൊരുക്കൽ.
- ലോകത്ത് എവിടെയും സമാനപ്രായക്കാരായ കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ജ്ഞാനവും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പാക്കൽ.
- ജനാധിപത്യ മൂല്യങ്ങൾ, ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്ന സാഹചര്യമൊരുക്കിക്കൊണ്ട് വിശ്വപൗരനാക്കി വളർത്തിയെടുക്കൽ.
- പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്ക് യോജിച്ച വിദ്യാലയ അന്തരീക്ഷമൊരുക്കൽ.
- വിദ്യാലയ പ്രവർത്തനങ്ങൾക്കുതകും വിധം സ്ത്രീ ശക്തീകരണം .

## പദ്ധതി രൂപീകരണ പ്രക്രിയ-വിവിധ ഘട്ടങ്ങൾ

- എസ്.ആർ.ജി യോഗത്തിൽ വിദ്യാലയ അക്കാദമിക മാസ്റ്റർ പ്ലാൻ -അവതരണം ചർച്ച.
- കരട് രൂപ രേഖ തയ്യാറാക്കൽ.
- കരട് രൂപ രേഖ പി.ടി.എ, സ്കൂൾ വികസനസമിതിയിൽ അവതരണം, നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
- അക്കാദമിക മാസ്റ്റർ പ്ലാൻ കരട് രൂപരേഖ- പി.ഇ,സി യിൽ അവതരണം നിർദ്ദേശങ്ങൾ ഉൾക്കൊള്ളൽ.
- പി.ടി.എ നേതൃത്വത്തിൽ പദ്ധതി രേഖ തയ്യാറാക്കൽ

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ-ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതീകം | സാമൂഹികം |
|---|---|---|
| വായനാശേഷി വികസനം | വിദ്യാലയം നവീകരണം | ദിനാചരണങ്ങൾ |
| ഭാഷാശേഷി വികസനം | റോഡിന് സ്ഥലമേറ്റെടുക്കൽ | പി.ടി.എ ശാക്തീകരണം |
| സംഖ്യാബോധം | റോഡ് നിർമ്മാണം | അമ്മക്കൂട്ടായ്മ |
| പ്രശ്നാപഗ്രഥനശേഷി | ഭോജനശാല | പൂർവ്വ വിദ്യാർത്ഥി സംഘടനാ പ്രവർത്തനം |
| പൊതുവിജ്ഞാനം | സ്മാർട്ട് ക്ലാസ് മുറി | വാർഷികാഘോഷം |
| ലേഖനം | ജന്മദിനത്തിന് പുസ്തകം | ബോധവൽക്കരണ ക്ലാസ് |
| പഠനയാത്രകൾ | | വിദ്യാലയമികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| ദിനാചരണങ്ങൾ | | |
| മാഗസിൻ | | |
| സർഗാത്മക വികസനം | | |
| അധ്യാപകശാക്തീകരണം | | |
| ഭിന്നശേഷിക്കാർക്ക് പരിഗണന | | |

മേഖല:
അക്കാദമിക പ്രവർത്തനങ്ങൾ
ഉപമേഖല:മലയാളം

## പേര്:അക്ഷരത്തെളിച്ചം

| ക്രമ നമ്പർ | പഠനപ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|---|---|
| 3. | 1.ലേഖനങ്ങൾ<br>2. ചിഹ്നങ്ങൾ, അക്ഷരങ്ങൾ ധാരണയില്ലായ്മ<br>3. വായിക്കാൻ പ്രയാസം<br>4.പഠനപ്രവർത്തനങ്ങ-ളിൽ പങ്കാളിത്തക്കുറവ്<br>5.അപകർഷതാബോധം | അക്ഷരതെറ്റ് കൂടാതെ വാക്യഘടനാക്രമം പാലിച്ചുള്ള എഴുത്ത്<br>ഒഴുക്കോടെയുള്ള വായന<br>ആത്മവിശ്വാസത്തോടെ പ്രവർത്തനത്തിൽ ഏർപ്പെടൽ | 2, 3,4 ക്ലാസുകൾ | 1.പ്രീടെസ്റ്റ് എഴുതാൻ പ്രയാസമുള്ളവരെ കണ്ടെത്തൽ, മികവ് പുലർത്തിയവർക്ക് സമ്മാനം.<br>2.ഓരോരുത്തരുടെയും പ്രയാസങ്ങൾ തിരിച്ചറിയൽ(എഴുത്ത്, വായന എന്നിവയിലൂടെ)<br>3.മൊഡ്യൂൾ തയ്യാറാക്കൽ. | ജൂൺ ആദ്യ വാരം | ക്ലാസ് ടീച്ചർ |
| | | | | 4.സി.പി.ടി.എയിൽ അറിയിപ്പ് നൽകൽ.<br>5.രക്ഷിതാക്കളുടെ സഹായം ഉറപ്പാക്കൽ.<br>6.വർക്ക് ഷീറ്റ് തയ്യാറാക്കൽ. | ജൂൺ രണ്ടാം വാരം | |
| | | | | 7.മലയാളത്തിളക്കം പ്രവർത്തനങ്ങൾ, ഓരോ കുട്ടിയെയും വായിപ്പിച്ച് പ്രയാസമുള്ള ചിഹ്നങ്ങൾ, അക്ഷരങ്ങൾ ഉറപ്പിക്കൽ.<br>ഓരോമാസവും ആദ്യദിനത്തിൽ | ഓരോ മാസവും ആദ്യം മലയാളം പ്രീടെസ്റ്റ് മാർച്ച് വരെ | ക്ലാസ് ടീച്ചർ |
| | | | 1, 2, 3, 4 | പ്രീടെസ്റ്റ്, പ്രശ്നമുള്ള കുട്ടികൾക്ക് വീണ്ടും പരിശീലനം, രാവിലെ 9.20 മുതൽ 10 മണിവരെ. വൈകുന്നേരം 4 മണി മുതൽ 4.30 വരെ എല്ലാവരും | സപ്തംബർ മാസം മുതൽ ഒന്നാം ക്ലാസും | |
| | | | 1, 2, 3, 4 | നന്നായി എഴുതുന്നതുവരെ പരിശീലനം.<br>പാഠഭാഗങ്ങളിലെ കഠിനപദങ്ങളുടെ കേട്ടെഴുത്ത് മത്സരം, സമ്മാനം നൽകൽ. | മാർച്ച് ആദ്യ വാരം | പി.ടി.എ |

മേഖല:
അക്കാദമിക പ്രവർത്തനങ്ങൾ
ഉപമേഖല:മലയാളം

പേര്:-ന്യൂസ് ടൈം

| ക്രമ നമ്പർ | പഠനപ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|---|---|
| 1 | ആശയഗ്രഹണത്തോടെ വായിക്കുന്നില്ല.<br>വായനയിൽ പിന്നോക്കാവസ്ഥ<br>കാലികമായ വിവരങ്ങൾ ലഭിക്കുന്നില്ല<br>വായനയിൽ താൽപര്യക്കുറവ് | 1.ഒഴുക്കോടെയുള്ള വായന<br>2.ആശയഗ്രഹണത്തോടെ വായന<br>3. മത്സരബുദ്ധിയോടെ വായന<br>4.വായനയിൽ മെച്ചപ്പെടൽ<br>5.സ്വയം വിലയിരുത്തൽ.<br>6. അധ്യാപകരുടെയും, രക്ഷിതാവിന്റെയും പഠനത്തിനായുള്ള പിന്തുണ.<br>7. വായനയുടെ വിശാല ലോക ത്തേക്ക് കടക്കുക വഴി വിജ്ഞാന സമ്പാദനവും ആത്മവിശ്വാസമാർജ്ജിക്കലും | ഒന്നാം ഘട്ടം<br>3, 4 ക്ലാസിലെ മുഴുവൻ കുട്ടികൾ<br>രണ്ടാംഘട്ടം<br>2, 3, 4 ക്ലാസ്<br>മൂന്നാംവട്ടം<br>1,2,3, ക്ലാസ് | 1.വാർത്താവായനയെ ക്കുറിച്ച് സി.പി.ടി.എയിൽ അറിയിപ്പ്.<br>2.ഓരോ ആഴ്ചയിലും വാർത്ത വായിക്കേണ്ട കുട്ടികളെ തിങ്കളാഴ്ച തെരഞ്ഞെടുക്കൽ.<br>3.നിശ്ചിത കുട്ടികൾ വ്യാഴാഴ്ച 1.30 മുതൽ വാർത്താ വായന.<br>4.സ്വയം വിലയിരുത്തി സംസാരിക്കുന്നു<br>5.മറ്റു കുട്ടികൾ വിലയിരുത്തുന്നു.<br>6.അധ്യാപികയുടെ വിലയിരുത്തൽ.<br>7.സി.പി.ടി.എയിൽ വിലയിരുത്തൽ.<br>8.രണ്ടാംഘട്ടത്തിൽ കൂടുതൽ മെച്ചപ്പെട്ട വായന ഓരോ കുട്ടിയും വിലയിരുത്തൽ.<br>9.മൂന്നാംഘട്ടമായ മത്സരഘട്ടത്തിൽ വീണ്ടും മേൽ കാണിച്ചപ്രകാരം ഓരോ കുട്ടിയുടെയും വായന.<br>10.റെക്കോർഡിംഗ്<br>11.best news reader അവാർഡ്<br>12.മികച്ച വായനക്കാർക്കെല്ലാം സമ്മാനം | ജൂൺ മുതൽ ആഗസ്ത് വരെ<br>സപ്തംബർ മുതൽ ഡിസംബർ വരെ<br>ജനുവരി മുതൽ ഫിബ്രുവരി വരെ | ക്ലാസ് അധ്യാപകർ, ചുമതലയുള്ള അധ്യാപകൻ രക്ഷിതാവ്<br>"<br>" |

മേഖല:
അക്കാദമിക പ്രവർത്തനങ്ങൾ
ഉപമേഖല:മലയാളം

## പേര്:വായന വസന്തം

| ക്രമ നമ്പർ | പഠനപ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|---|---|
| 2 | 1.ആശയഗ്രഹണത്തോടെയുള്ള വായനയില്ല.<br><br>2. വായനയിൽ താൽപര്യക്കുറവ്.<br><br>3. ഗ്രഹിച്ചകാര്യങ്ങൾ മറ്റൊരു വ്യവഹാര രൂപത്തിലേക്ക് മാറ്റാനുള്ള പ്രയാസം<br><br>4. കയ്യിൽ കിട്ടുന്ന പുസ്തകങ്ങളും ആനുകാലികങ്ങളും ഓയിച്ചു നോക്കാതെ ചിത്രം നോക്കി വെക്കൽ | ആശയഗ്രഹണത്തോടെയും, ഒഴുക്കോടെ-യും വായിച്ച് വായന കുറിപ്പ്, ആസ്വാദന കുറിപ്പ്, മറ്റ് വ്യവഹാര രൂപങ്ങളാക്കി മാറ്റി ഓരോ ക്ലാസിനും പതിപ്പ് നിർമ്മാണം.<br><br>സർഗ്ഗാത്മകത വളർത്തൽ | 2,3,4 ക്ലാസിലെ മുഴുവൻ കുട്ടികൾ<br><br>1,2,3,4 ക്ലാസുകൾ<br><br>1,2,3,4 ക്ലാസ് | ലൈബ്രറി വിതരണം നടത്തൽ<br>വായനകുറിപ്പ് തയ്യാറാക്കൽ<br>മാഗസിൻ നിർമ്മാണം<br><br>എല്ലാ വെള്ളിയാഴ്ചയും ലൈബ്രറി വിതരണം, ഒരാഴ്ചകഴിഞ്ഞ് പുസ്തകം തിരിച്ചേൽപ്പിക്കുമ്പോൾ 7ാം ക്ലാസിലെ കുട്ടികൾ വായനകുറിപ്പ്, 3,4 ക്ലാസിലെ കുട്ടികൾ വായനകുറിപ്പ്/ ആസ്വാദന കുറിപ്പ് ക്ലാസധ്യാപകരെ ഏൽപ്പിക്കൽ. മാസത്തിലൊരു ക്ലാസ് മാഗസിൻ.<br><br>ലൈബ്രറി പുസ്തകങ്ങൾ വായന കഴിഞ്ഞ് തിരിച്ചേൽപ്പിക്കുമ്പോൾ 1, 2 ക്ലാസുകൾ വായനാകുറിപ്പ് 3, 4 ക്ലാസുകൾ ആസ്വാദനകുറിപ്പ്, മറ്റ് രചനകൾ ഉൾപ്പെടുത്തി മാസത്തിൽ ഒരു ക്ലാസ് മാഗസിൻ. | ജൂൺ<br><br>ആഗസ്ത് വരെ<br><br>സപ്തംബർ മുതൽ ഫിബ്രുവരി വരെ | ലൈബ്രറി ചാർജുള്ള അധ്യാപികയും ക്ലാസധ്യാപ-കരും രക്ഷിതാവ്<br><br>''<br><br>'' |

മേഖല:
അക്കാദമിക പ്രവർത്തനങ്ങൾ
ഉപമേഖല:മലയാളം

## പേര്:സർഗസല്ലാപം

| ക്രമ നമ്പർ | പഠനപ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|---|---|
| 4. | സ്വതന്ത്ര രചന പ്രയാസം<br><br>സർഗ്ഗാത്മകശേഷി ക്കുറവ്<br><br>ആശയ പ്രകടനശേഷി യില്ലായ്/കുറവ് | 1.സർഗ്ഗാത്മകമായ കഴിവ് വികസിപ്പിച്ച് മികച്ച ഉൽപ്പന്നങ്ങൾ/സൃഷ്ടികൾ ലഭ്യമാക്കൽ.<br><br>2.സർഗപരമായ കഴിവ് വളർത്താനുള്ള ശിൽപ്പശാലകൾ ഒരുക്കൽ.<br><br>മികച്ച അവതരണ രീതി<br><br>ഓരോ കുട്ടിക്കും ഓരോ മാഗസിൻ | 2, 3, 4<br><br>1, 2, 3, 4 | കഥ, കവിത, ചിത്രരചന, നാടൻപാട്ട് ശിൽപ്പശാലകൾ സംഘടിപ്പിക്കൽ.<br>കുട്ടികളുടെ സൃഷ്ടികളുൾപ്പെട്ട പതിപ്പ് നിർമ്മാണം.<br>വ്യത്യസ്തമായ കൃതികൾ ക്ലാസ് ലൈബ്രറികളിൽ ഒരുക്കൽ.<br>വായനമൂലയിൽ സജ്ജമാക്കൽ<br>ബാലസഭ, സ്കൂൾ അസംബ്ലി എന്നിവയിൽ അവതരണം.<br>ജന്മദിനത്തിന് ഒരു പുസ്തകം.<br>കഥ, കവിത, നാടകം ശിൽപ്പശാല സംഘാടനം.<br>പതിപ്പ് നിർമ്മാണം.<br>രചനകളുടെ പ്രദർശനം.<br>ബാലസഭയിൽ കുട്ടികളുടെ അവതരണം.<br>പാഠഭാഗവുമായി ബന്ധപ്പെട്ട പഠനനേട്ടങ്ങളെ മറ്റു വ്യവഹാര രൂപത്തിലേക്ക് മാറ്റൽ. അവയുടെ അവതരണം.<br>ക്ലാസ് റൂം പ്രവർത്തനങ്ങളിലെ മികച്ച രചനകൾ, മറ്റ് സർഗപരമായ സൃഷ്ടികൾ ഉൾപ്പെടുത്തി മാഗസിൻ നിർമ്മാണം, പ്രദർശനം. | ആഗസ്ത് മാസം<br><br>ഒക്ടോബർ<br><br>ഫിബ്രുവരി 15 | വിദ്യാരംഗം കൺവീനർ ക്ലാസധ്യാപകർ പി.ടി.എ<br><br>ലൈബ്രറി ചാർജ് വഹിക്കുന്ന ടീച്ചർ<br><br>വിദ്യാരംഗം കൺവീനർ എസ്.എസ്.ജി പൂർവ്വവിദ്യാർത്ഥികൾ<br><br>ക്ലാസധ്യാപകർ |

മേഖല:
അക്കാദമിക പ്രവർത്തനങ്ങൾ
ഉപമേഖല:ഗണിതം

## പേര്:ഈസി മാത്സ്

| ക്രമ നമ്പർ | പഠനപ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|---|---|
| 1. | ഗണിതപ്രശ്നങ്ങൾ അപഗ്രഥിക്കാൻ ബുദ്ധിമുട്ട് നേരിടുന്നു.<br><br>ഗണിതക്രിയ ലഭിച്ചാൽ അത് ഉൾപ്പെട്ടേക്കാവുന്ന പ്രശ്നങ്ങൾ സ്വയം കണ്ടെത്താൻ കഴിയുന്നില്ല. | മനഃകണക്ക് നൽകി ലഘു വായതിൽ നിന്നും വലിയ ഗണിത ക്രിയകൾ അപഗ്രഥിച്ച് ഉത്തരത്തി ലെത്താനുള്ള ചിട്ടയായ പരിശീലനം നൽകൽ.<br><br>ഗണിതക്രിയ കൾ വേഗത്തി ലും, കൃത്യമാ യും ചെയ്യൽ.<br><br>ഗണിതത്തിൽ താൽപര്യം ജനിക്കൽ.<br><br>സ്വയം ചോദ്യം നിർമ്മിക്കാൻ സാധിക്കൽ. | 2, 3, 4<br><br>2, 3, 4<br><br>ഒന്നാം ക്ലാസിൽ<br><br>സപ്തംബർ മുതൽ ഫിബ്രുവരി വരെ | ഗണിതക്ലാസിൽ എല്ലാ ദിവസവും മനഃകണക്ക് നൽകൽ. പ്രവർത്തന പദ്ധതിയെക്കുറിച്ച് മാതൃകാ ചോദ്യങ്ങളടക്കം പരിചയപ്പെടുത്തിക്കൊണ്ട് സി.പി.ടി.എ.<br>എല്ലാ മാസവും പ്രശ്നാപഗ്രഥന ചോദ്യങ്ങൾ (മനഃകണക്കായി ചെയ്യാവുന്നത്) ഉത്തരം നോട്ട് പുസ്തകത്തിൽ എഴുതൽ, അധ്യാപകൻ മാർക്ക് നൽകൽ, രേഖപ്പെടുത്തി അധ്യാപകൻ സൂക്ഷിക്കൽ.<br>ഫിബ്രവരി മാസത്തിൽ കുട്ടികൾക്ക് ഈ പ്രവർത്തന പദ്ധതിയിൽ ഇതുവരെ ലഭിച്ച മാർക്കുകൾ പരിശോധിച്ച് ഒന്നും, രണ്ടും സ്ഥാനക്കാർക്ക് പ്രത്യേക സമ്മാനം.<br>തുടർ പ്രവർത്തനമായി ഗണിതക്രിയകൾ നൽകുക, അതുമായി ബന്ധപ്പെട്ട് വരാൻ സാധ്യതയുള്ള ചോദ്യങ്ങൾ നിർമ്മിക്കാനാവശ്യപ്പെടൽ.<br>വർക്ക്ഷീറ്റ് നൽകൽ. | ജൂൺ മുതൽ<br><br>ജൂൺ മാസം<br><br>ജൂൺ മുതൽ ഫിബ്രവരി വരെ | ഗണിത അധ്യാപകൻ<br><br>രക്ഷിതാവ്<br><br>ഗണിത അധ്യാപകൻ<br><br>രക്ഷിതാവ്<br><br>ഗണിത അധ്യാപകൻ<br><br>രക്ഷിതാവ് |

മേഖല:
അക്കാദമിക പ്രവർത്തനങ്ങൾ
ഉപമേഖല:ഇംഗ്ലീഷ്

## പേര്:ഇംഗ്ലീഷ് വേൾഡ്

| ക്രമ നമ്പർ | പഠനപ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|---|---|
| 1. | ഇംഗ്ലീഷ് പദങ്ങളുടെ spelling കൃത്യമായി പഠിച്ചവ പോലും പിന്നീട് തെറ്റിച്ചെഴുതൽ | spelling തെറ്റാതെ ഇംഗ്ലീഷ് പദങ്ങൾ എഴുതൽ | 1, 2, 3, 4 ക്ലാസുകൾ | ഓരോ യൂനിറ്റിലെയും കഠിന പദങ്ങൾ sweet words എന്ന പേരിൽ കുട്ടികൾക്ക് പഠിക്കാനായി നൽകൽ. ഇടയ്ക്കിടെ കേട്ടെഴുത്ത് നടത്തൽ<br><br>വർഷാവസാനം മുഴുവൻ പദങ്ങളും അധ്യാപിക നൽകുകയും നിശ്ചിത എണ്ണം കേട്ടെഴുത്ത് നടത്തി ഒന്നും, രണ്ടും സ്ഥാനക്കാരെ തെരഞ്ഞെടുത്ത് സമ്മാനം നൽകൽ. | ജൂൺ മുതൽ ഫിബ്രുവരി വരെ<br><br>ഫിബ്രവരി മാസം | ക്ലാസ് ടീച്ചർ പി.ടി.എ |
| 2. | ഇംഗ്ലീഷിൽ ആശയ രൂപീകരണം, ആശയ വിനിമയം, ആശയ പ്രകടനം എന്നിവയിൽ പിന്നോക്കം | ആശയരൂപീകരണം, ആശയ വിനിമയം, ആശയ പ്രകടനം എന്നിവ ഇംഗ്ലീഷിൽ ചെയ്യാനും ഇംഗ്ലീഷിനോട് താൽപര്യം ജനിപ്പിക്കാനും | 1, 2, 3, 4 ക്ലാസുകൾ | പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പഠനനേട്ടങ്ങളുൾപ്പെട്ട ആശയ രൂപീകരണങ്ങൾ<br>ഒരു വ്യവഹാര രൂപത്തെ മറ്റൊരു വ്യവഹാര രൂപമാക്കി മാറ്റൽ.<br>ബാലസഭ, അസംബ്ലി, സി.പി.ടി.എ എന്നിവയിൽ അവതരണം.<br>കുട്ടികളുടെ സ്വതന്ത്രരചനയിലെ സൃഷ്ടികൾ ഉപയോഗിച്ച് മാഗസിൻ നിർമ്മാണം. | ജൂൺ മുതൽ ഫിബ്രവരി വരെ<br><br>ഫിബ്രവരി | ക്ലാസധ്യാപകർ |
| 3 | വ്യത്യസ്ത പ്രവർത്തനങ്ങൾ ഇംഗ്ലീഷിൽ അവതരിപ്പിക്കാനുള്ള പ്രയാസം | ഇംഗ്ലീഷിലുള്ള പ്രവർത്തന പരിപാടികൾ സംഘടിപ്പിക്കാനും അവതരിപ്പിക്കാനും കഴിവ് നേടൽ | | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി<br>രണ്ടാഴ്ചയിലൊരിക്കൽ ഇംഗ്ലീഷ് ബാലസഭ<br>സംഘാടനം, അവതരണം തുടങ്ങിയ മുഴുവൻ പ്രവർത്തനങ്ങളും വിദ്യാർത്ഥികൾ-ഇംഗ്ലീഷിൽ | അക്കാദമിക വർഷം മുഴുവൻ | വിദ്യാരംഗം കൺവീനർ |

മേഖല:
അക്കാദമിക പ്രവർത്തനങ്ങൾ
ഉപമേഖല:പരിസരപഠനം

| ക്രമ നമ്പർ | പഠനപ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|---|---|
| 3 | പൊതുവിജ്ഞാനം കുറവ് | ആനുകാലികമായ അറിവ് നേടൽ<br>പൊതുവിജ്ഞാനം ആർജ്ജിക്കൽ<br>ഉയർന്ന അക്കാദമിക നിലവാരം നേടൽ<br>ആത്മവിശ്വാസം നേടൽ | 3, 4 | ആഴ്ചയിൽ പത്ത് ചോദ്യങ്ങൾ നൽകൽ, വിദ്യാർത്ഥികൾ GK+ നോട്ടിൽ ചോദ്യവും ഉത്തരവും എഴുതൽ, അധ്യാപകൻ പരിശോധിച്ച് തയ്യാറാക്കൽ<br>വിദ്യാലയത്തിൽ നിന്നും നൽകിയ ചോദ്യങ്ങളും, പുറമെ നിന്നുള്ള അഞ്ച് ചോദ്യങ്ങളും (ആകെ 15 ചോദ്യങ്ങൾ) ഉൾപ്പെടുത്തി ഓരോ മാസാവസാനവും മാസാന്ത ക്വിസ് മത്സരം, ഒന്നും, രണ്ടും സ്ഥാനം നേടിയവർക്ക് സമ്മാനം. | ജൂൺ മുതൽ മാർച്ച് വരെ | പ്രീജിത്ത് മാസ്റ്റർ<br>പി.ടി.എ |

മേഖല:
അക്കാദമിക പ്രവർത്തനങ്ങൾ
ഉപമേഖല:പരിസരപഠനം

| ക്രമ നമ്പർ | പഠനപ്രശ്നം | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|---|---|
| 1. | ചുറ്റുപാടുകളിലുള്ള വിസ്മയ കാഴ്ചകളെയും പ്രകൃതിയെയും സൂക്ഷ്മമായി അറിയാൻ ശ്രമിക്കുന്നില്ല. | നിരീക്ഷണ പാടവം വളർത്തുക പരീക്ഷണങ്ങൾ ചെയ്യുന്നതിലൂടെ ശാസ്ത്രതത്വങ്ങൾ മനസ്സിലാക്കുക ശാസ്ത്രീയ മനോഭാവം വളർത്തുക. ശാസ്ത്രസത്യങ്ങൾ കണ്ടെത്താൻ പ്രേരണ നൽകൽ | 3,4<br>2,3,4 | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യൽ. ആഴ്ചയിലൊരു പരീക്ഷണമെങ്കിലും കിട്ടത്തക്ക രീതിയിൽ പ്രവർത്തനാസൂത്രണമൊരുക്കൽ<br>സി.പി.ടി.എയിൽ അറിയിപ്പ് നൽകൽ പരീക്ഷണക്കുറിപ്പ് രേഖപ്പെടുത്തൽ.<br>മികച്ച പരീക്ഷണ ഡയറിക്ക് സമ്മാനം നൽകൽ | ജൂൺ<br>ജൂൺ മുതൽ ഫിബ്രുവരി വരെ | ക്ലാസധ്യാപകർ<br>അധ്യാപകർ സി.പി.ടി.എ<br>അധ്യാപകർ |
| 2. | പരിസരസംരക്ഷണം, ചുറ്റുപാടുകൾ നിരീക്ഷണം എന്നിവ പുതുതലമുറയ്ക്ക് കുറഞ്ഞു വരുന്നു | ശാസ്ത്രം പ്രവർത്തനമാണെന്ന ലക്ഷ്യം മുൻനിർത്തി പാഠഭാഗങ്ങളും കാലികമായി പ്രാധാന്യമുള്ള സ്ഥലങ്ങളും, സ്ഥാപനങ്ങളും സന്ദർശിക്കലിലൂടെ ആശയരൂപീകരണം. പരിസരസംരക്ഷണം എന്നിങ്ങനെ ബോധമുണ്ടാകൽ | 1, 2, 3, 4 | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ ലിസ്റ്റ് ചെയ്യൽ.<br>പഠനയാത്രയുമായി ബന്ധപ്പെട്ട ലക്ഷ്യത്തെക്കുറിച്ച് കൃത്യമായ ബോധം നൽകൽ.<br>ആസൂത്രണം, നിർവ്വഹണം രേഖപ്പെടുത്തൽ.<br>വിലയിരുത്തൽ.<br>പരിസരസംരക്ഷണപ്രവർത്തനങ്ങൾ.<br>മാലിന്യത്തിനെതിരായ പ്രവർത്തനങ്ങൾ. | | |

മേഖല:
അക്കാദമിക പ്രവർത്തനങ്ങൾ

## പ്രവർത്തനത്തിന്റെ പേര്:ഒപ്പം

| ക്രമ നമ്പർ | പഠനപ്രശ്നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1. | ഭിന്നശേഷിക്കാരെ മുഖ്യധാരയിൽ നിന്നും മാറ്റി നിർത്തുന്നു. | എല്ലാ വിദ്യാർത്ഥികളുമായും ഇടപഴകിക്കൊണ്ട് ഭിന്നശേഷിക്കാരെപരമാവധി ഉയർത്തിക്കൊണ്ടു വരൽ.<br><br>ഉൾച്ചേർത്ത വിദ്യാഭ്യാസം | പാഠഭാഗങ്ങളുമായും ഉൾച്ചേർത്തുകൊണ്ട് ചിത്രരചന. വർക്ക് ഷീറ്റുകൾ ലഘുവും, ആകർഷകവുമായ പഠനോപകരണങ്ങൾ, കളിയുപകരണങ്ങൾ. സി.ഡി പ്രദർശനം | അക്കാദമിക വർഷം മുഴുവൻ | അധ്യാപകർ IED Teacher |
| | | പ്രവർത്തനത്തിന്റെ പേര്:തെരഞ്ഞെടുപ്പ് | | | |
| 2. | തെരഞ്ഞെടുപ്പ് പ്രക്രിയയെക്കുറിച്ച് ധാരണയില്ലായ്മ | ജനാധിപത്യ മൂല്യങ്ങളെക്കുറിച്ചും തെരഞ്ഞെടുപ്പ് പ്രക്രിയയെകുറിച്ചും ധാരണ | നാമനിർദേശപത്രിക സമർപ്പണം ചിഹ്നം അനുവദിക്കൽ പ്രചരണം, ബാലറ്റ് പേപ്പർ പരിചയപ്പെടുത്തൽ, വോട്ട് രേഖപ്പെടുത്തൽ, സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ്, ഭാരവാഹിത്വമേറ്റെടുക്കൽ | ഒരാഴ്ച | ചുമതലയുള്ള അധ്യാപകൻ |
| | | പ്രവർത്തനം:കളിക്കാം, വളരാം | | | |
| 3. | കായികക്ഷമത ക്കുറവ്, ശുചിത്വം, ആരോഗ്യം, പരിസരസംരക്ഷണം എന്നിവയിൽ ധാരണ ക്കുറവ് | കായികക്ഷമത നേടിയെടുക്കൽ, ശുചിത്വം, ആരോഗ്യം, പരിസര സംരക്ഷണം, കാരുണ്യപ്രവർത്തനം എന്നിവ ചെയ്യാനുള്ള അവസരമൊരുക്കൽ | വ്യായാമം, യോഗ, നാടൻ കളികൾ, പരിസരശുചീകരണം, ജൈ വൈവിധ്യ പൂന്തോട്ടം പിറന്നാൾ ദിനത്തിൽ നന്മ പ്രവർത്തനം. കളിയുപകരണങ്ങൾ അമ്മക്കൂട്ടായ്മ | അക്കാദമിക വർഷം | അധ്യാപകർ പി.ടി.എ എസ്.എസ്.ജി പൂർവ്വ വിദ്യാർത്ഥികൾ |

മേഖല:
അക്കാദമിക പ്രവർത്തനങ്ങൾ
ഉപമേഖല:അധ്യാപകശാക്തീകരണം

| ക്രമ നമ്പർ | പഠനപ്രശ്നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1. | പഠന-ബോധന പ്രക്രിയയ്ക്കിടയിൽ നിർദ്ദിഷ്ടപഠന നേട്ടങ്ങൾ എല്ലാ കുട്ടികളിലും എത്താതിരിക്കൽ | പഠന-ബോധന പ്രക്രിയയ്ക്കിടയിൽ നിർദിഷ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളിലും എത്താതിരിക്കാനുള്ള കാരണം കണ്ടെത്തലും പരിഹാരമാർഗ്ഗങ്ങളും രൂപപ്പെടൽ | ക്രിയാഗവേഷണ പ്രവർത്തന ഘട്ടങ്ങൾ<br>കാരണം കണ്ടെത്തൽ<br>വ്യത്യസ്ത പഠനതന്ത്രങ്ങൾ രൂപീകരിക്കൽ<br>പഠനോപകരണങ്ങൾ<br>വർക്ക് ഷീറ്റുകൾ<br>ക്ലിപ്പിംഗ്സ്, വീഡിയോ<br>ഐ.സി.ടി സാധ്യതകൾ ഉപയോഗപ്പെടുത്തൽ.<br>പഠന മികവിലേക്ക് | രണ്ട് ആഴ്ച | അതാത് വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകർ |

മേഖല:
അക്കാദമിക പ്രവർത്തനങ്ങൾ
ഉപമേഖല:അധ്യാപകശാക്തീകരണം

| ക്രമ നമ്പർ | പഠനപ്രശ്നം | ലക്ഷ്യം | ക്ലാസുകൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|---|---|
| 1. | ഇംഗ്ലീഷ് വിഷയത്തിൽ ഫലപ്രദമായി ക്ലാസ് റൂം പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാൻ അധ്യാപകരിലുള്ള പരിമിതികൾ | ഇംഗ്ലീഷ് ക്ലാസുകൾ അനായാസം കൈകാര്യം ചെയ്ത് വിജയ പ്രദമാക്കൽ | 2,3,4 | ക്ലാസുകളിൽ നിശ്ചിത ദിവസത്തിൽ ഇംഗ്ലീഷ് പിരീയഡിൽ rhyme എഴുതാൻ നൽകൽ (കുട്ടികൾക്ക്) അധ്യാപകരെല്ലാവരും ചേർന്ന് ഓരോ ക്ലാസിലെ കുട്ടികളുടെ സൃഷ്ടി വിലയിരുത്തൽ. എസ്.ആർ.ജിയിൽ അവലോകനം അധ്യാപകന്റെ സ്വയം വിലയിരുത്തൽ. തുടർപ്രവർത്തനം ആസൂത്രണം ഇതേ പ്രക്രിയ | സപ്തംബർ | ക്ലാസധ്യാപകർ |
| | | | 2,3,4 | Picture description | ഒക്ടോബർ | |
| | | | 2,3,4 | Conversation | നവംബർ | |
| | | | 2,3,4 | Story writing | ഡിസംബർ | |
| | | | 2,3,4 | Thoughts | ജനുവരി | |
| | | | 3,4 | Letter writing | ഫിബ്രുവരി | |
| | | | 3, 4 | Diary | അാർച്ച് | |
| | | | 1 | Conversation | ഡിസംബർ | |
| | | | 1 | Add more lines | ജനുവരി | |
| | | | 1 | Picture description | ഫിബ്രുവരി | |

മേഖല:
അക്കാദമിക പ്രവർത്തനങ്ങൾ
ഉപമേഖല:തൊഴലധിഷ്ഠിത വിദ്യാഭ്യാസം      പ്രവർത്തനത്തിന്റെ പേര്:ഒരുക്കം

| ക്രമ നമ്പർ | പഠനപ്രശ്നം | ലക്ഷ്യം | ക്ലാസുകൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|---|---|
| 1. | ഏതെങ്കിലുമൊരു തൊഴിൽ മേഖലയിലേക്ക് കടക്കാനുള്ള ലളിതമായ പരിശീലനമോ പ്രവർത്തനങ്ങളോ എൽ.പി ക്ലാസിലെ പ്രവർത്തനങ്ങളിൽ പ്രാധാന്യം നൽകുന്നില്ല. | പഠനപ്രവർത്തനങ്ങൾക്കിടയിൽ നിർമ്മാണം, ലളിതമായ തൊഴിൽ പരിശീലനം എന്നിവ രസകരമായി അവതരണം. | I$^{st}$<br>II$^{std}$<br>III$^{std}$<br>IV std. | പാഠഭാഗവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂവ്, വീട്, തോണി തുടങ്ങിയവ<br>ഒറിഗാമി, കളർപൂക്കൾ മുത്തുകോർത്ത് മാല<br>വർണക്കടലാസുകൊണ്ട് പൂക്കൾ, പട്ടം, മാല നിർമ്മാണം<br>വർണക്കടലാസുകൊണ്ട് പൂക്കൾ, flower vase, മാല നിർമ്മാണം | അക്കാദമിക വർഷം മുഴുവനായി പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ |

| ക്രമ നമ്പർ | പഠനപ്രശ്നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1. | വിദ്യാലയത്തിലേക്ക് ഒരു റോഡില്ല | വിദ്യാലയത്തിലേക്ക് ഒരു റോഡ് നിർമ്മിക്കൽ | സ്ഥലം വിലയ്ക്ക് വാങ്ങൽ റോഡ് നിർമ്മാണം | ഒരു വർഷം | മാനേജർ പി.ടി.എ പൂർവ വിദ്യാർഥികൾ |
| 2 | ക്ലാസ് മുറി നവീകരിക്കേണ്ടതുണ്ട് | ക്ലാസ് മുറി ആകർഷകമാക്കൽ | സ്കൂൾ ഹാൾ അടച്ചുറപ്പിനായി ഗ്രിൽ പിടിപ്പിക്കൽ, ജനൽ, വാതിലുകൾ നിർമ്മാണം, തേപ്പ്, പെയിന്റ് ചെയ്യൽ | ഒരു വർഷം | പി.ടി.എ മാനേജർ |
| 3 | ഭക്ഷണം കഴിക്കാനുള്ള ഭോജനശാല കൂടുതൽ സൗകര്യം നൽകുമായിരുന്നു. | ഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിർമ്മിക്കൽ ശുചിത്വം മഹത്വം എന്ന് തിരിച്ചറിയൽ | ഭോജനശാല ചുമര് വെക്കൽ, ഗ്രിൽസ് വെക്കൽ, ഇരിപ്പിടമൊരുക്കൽ | 2 വർഷം | പി.ടി.എ മാനേജർ |
| 4 | കമ്പ്യൂട്ടർ ലാപ്ടോപ്പ് ഉപകരണങ്ങളുടെ അപര്യാപ്തത | കമ്പ്യൂട്ടർ, ലാപ്ടോപ്പ്, പ്രൊജക്ടർ മറ്റ് അനുബന്ധ ഉപകരണങ്ങൾ കുട്ടികളുടെ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തൽ | ഉപകരണങ്ങൾ ലഭ്യമാക്കൽ മുറികൾ സ്മാർട്ടാക്കൽ | 1 വർഷം | മാനേജർ പി.ടി.എ പൂർവ വിദ്യാർഥികൾ |

മേഖല:
അക്കാദമിക പ്രവർത്തനങ്ങൾ
ഉപമേഖല:സാമൂഹികം

| ക്രമ നമ്പർ | പഠനപ്രശ്നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1. | മാതൃവിദ്യാലയവുമായും, അയൽപക്ക വിദ്യാലയവുമായും നിരന്തരം ബന്ധമില്ലാതിരിക്കൽ | സമൂഹവും വിദ്യാലയവുമായി നല്ല ബന്ധം കാത്തുസൂക്ഷിക്കൽ സമൂഹത്തിന്റെ സഹകരണം, പങ്കാളിത്തം | വാർഷികാഘോഷം , തീരുമാനം, അറിയിപ്പ് നൽകൽ, കമ്മറ്റി രൂപീകരണം, സ്ക്വാഡ് പ്രവർത്തനം, മാതൃസമിതി പ്രവർത്തനം, നിർവഹണം, കുട്ടികൾക്കും, രക്ഷിതാക്കൾക്കും മത്സരങ്ങൾ, സമ്മാന വിതരണം, അമ്മക്കൂട്ടായ്മ | ഫിബ്രവരി മാർച്ച് | പി.ടി.എ അധ്യാപകർ പൂർവവിദ്യാർഥി |
| 2 | പ്രാധാന്യമുള്ള ദിനങ്ങളെക്കുറിച്ച് അവബോധമില്ലായ്മ പ്രവർത്തനങ്ങൾക്ക് സമൂഹത്തിന്റെ പങ്കാളിത്തമില്ലായ്മ | പ്രവർത്തനങ്ങളിൽ പി.ടി.എ യുടെ പിന്തുണ ഉറപ്പാക്കൽ സമൂഹത്തിന്റെ സഹകരണം, പങ്കാളിത്തം ഉറപ്പാക്കൽ | ദിനാചരണങ്ങൾ സി.പി.ടി.എ യിൽ അറിയിപ്പ് പി.ടി.എ യുടെ സഹകരണത്തോടെ പ്രവർത്തനാസൂത്രണം എസ്.എസ്.ജിയുടെ അംഗങ്ങളുടെ പങ്കാളിത്തത്തോടെ ദിനാചരണങ്ങൾ | അക്കാദമിക വർഷം | അധ്യാപകർ എസ്.എസ്.ജി പി.ടി.എ |
| 3 | അതിപ്രധാനമായ കാര്യങ്ങളെക്കുറിച്ച് ബോധമില്ലായ്മ സമൂഹത്തിന്റെ ഇടപെടലുകളുടെ അഭാവം | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് വിദഗ്ധരുടെ ക്ലാസുകൾ നൽകൽ. സമൂഹത്തിന്റെ പങ്കാളിത്തവും, സഹകരണവും | ബോധവൽക്കരണക്ലാസുകൾ വിദഗ്ധരുടെ ക്ലാസുകൾ ഐ.സി.ടി ഉപയോഗം വിഷയബന്ധിതമായ ക്ലാസുകൾ സംശയനിവാരണം (ലഹരി, ശുചിത്വം, രോഗങ്ങൾ, മാലിന്യപ്രശ്നം, പ്രതിരോധകുത്തിവെയ്പ്പ്, പകർച്ചവ്യാധി) | രണ്ട് മാസത്തിലൊരിക്കൽ | അധ്യാപകർ പൂർവ വിദ്യാർഥികൾ |

## മോണിറ്ററിംഗ് രീതി

അക്കാദമിക പ്രവർത്തനങ്ങൾ അധ്യാപകർ, പ്രധാനാധ്യാപിക എന്നിവർ മോണിറ്ററിംഗ് നടത്തുന്നു. എസ്.ആർ.ജിയിൽ അവലോകനം ചെയ്യുന്നു. തുടർ പ്രവർത്തനം നടത്തുന്നു. രക്ഷിതാക്കളുമായും, വിദ്യാർഥിയുമായും പ്രവർത്തന പുരോഗതി പങ്കുവെക്കുന്നു. പി.ടി.എ പങ്കാളിത്തം ഉറപ്പാക്കുന്നു.

ഭൗതികവും, സാമൂഹികവുമായ പ്രവർത്തനങ്ങൾ പ്രധാനാധ്യാപിക, അധ്യാപകർ, പി.ടി.എ എസ്.എസ്.ജി പൂർവ വിദ്യാർഥി സംഘടന എന്നിവർ മോണിറ്ററിംഗ് നടത്തുന്നു. യോഗം ചേർന്ന് വിലയിരുത്തുന്നു. തുടർ പ്രവർത്ത നങ്ങൾ നടത്തുന്നു.

### മികവ് പങ്കിടൽ

വിദ്യാലയത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിക്കൊണ്ട് ഒരു വർഷം മുഴുവനായി നടപ്പിലാക്കിയ പ്രവർത്തന പുരോഗതി പൊതുജനസമക്ഷം വെളിവാക്കുന്നതിനായി വിദ്യാലയ വാർഷികാഘോഷവും മറ്റുവേദികളും പ്രയോജനപ്പെടുത്തും. അക്കാദമിക പ്രവർത്തനങ്ങളുടെ ഫലമായുള്ള മികവുകളുടെ പ്രദർശനം, പതിപ്പുകളുടെ പ്രകാശനം, തനതു പ്രവർത്തന വിജയികൾക്കുള്ള സമ്മാനങ്ങളുടെയും, അവാർഡുകളുടെയും വിതരണം, മാഗസിനുകൾ, സൃഷ്ടികൾ എന്നിവയുടെ പ്രദർശനം, വ്യത്യസ്ത പരിപാടികളുടെ അവതരണം, വിദ്യാലയ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ തുടങ്ങിയവ പൊതുജനസമക്ഷത്തിൽ അവതരിപ്പിക്കും.

## ഉപസംഹാരം

ജനാധിപത്യപരവും മതേതരവുമായ കാഴ്ചപ്പാടോടുകൂടി ഗുണമേന്മയുള്ള വിദ്യാഭ്യാസം എവർക്കും നൽകുകയെന്നതാണ് പൊതുവിദ്യാലയങ്ങളുടെ ലക്ഷ്യം. വിദ്യാർഥികളുടെ വ്യത്യസ്തമായ കഴിവുകൾ പരമാവധിയിലെത്തിക്കുകയെന്നതും വിദ്യാലയത്തിന്റെ സർവതോന്മുഖമായ വികാസം ലക്ഷ്യമാക്കിയും സർവരെയും വിദ്യാലയത്തോടടുപ്പിക്കുകയും സഹായ സഹകരണങ്ങൾ നേടുകയും ചെയ്യുക യെന്ന ലക്ഷ്യത്തോടെ തയ്യാറാക്കി നടപ്പിൽ വരുത്തുന്ന മികവാർന്ന പ്രവർത്തന പദ്ധതികൾ വിദ്യാലയത്തെ കൂടുതൽ സമ്പുഷ്ടമാക്കുമെന്ന് സവിനയം പ്രതീക്ഷി ക്കുന്നു.